# അക്കാദമിക് മാസ്റ്റർ പ്ലാൻ




# പടവുകൾ

## 2025-26

## ഉള്ളടക്കം

1. ആമുഖം
2. സ്ക്കൂൾ അടിസ്ഥാന വിവരങ്ങൾ
3. കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, നേട്ടങ്ങൾ
4. പഠനാന്തരീക്ഷം
5. പാഠ്യപദ്ധതി – വിനിമയം
6. അധ്യാപകർ
7. ഭൗതിക സാഹചര്യം
8. സാമൂഹ്യ ഇടപെടലുകൾ
9. സവിശേഷ ലക്ഷ്യങ്ങൾ – വിഷയാധിഷ്ഠിതം
    - മലയാളം
    - ഇംഗ്ലീഷ്
    - ഹിന്ദി
    - സോഷ്യൽ സയൻസ്
    - ശാസ്ത്രം
    - ഗണിതം
10. പഞ്ചദിന തനതു പരിപാടികൾ
11. ഉപസംഹാരം

## ആമുഖം

സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുസംരക്ഷണയജ്ഞം വിദ്യാഭ്യാസരംഗത്ത് അഭൂത പൂർവ്വമായ ഉണർവ്വ് സൃഷ്ടിച്ചു. ഇതിന്റെ ഫലമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക് രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികൾ പുതുതായി വന്നു ചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക് രംഗം കൂടുതൽ ശക്തമാക്കുന്നതിനും സ്ക്കൂളുകൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുമുള്ള ശ്രമത്തിൽ 'നഭസ്സ്' എന്ന പേരിൽ അക്കാദമിക മാസ്റ്റർ പ്ലാൻ മണ്ണന്തല സ്കൂളിലും 2018-ൽ തയ്യാറാക്കി. അക്കാദമിക് മാസ്റ്റർ പ്ലാൻ അനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നല്ല മാതൃകകൾ സൃഷ്ടിക്കാൻ ഈ സ്ക്കൂളിനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ പൂർത്തീകരിയ്ക്കാൻ സാധിച്ചില്ല.

അനസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ ഈ സ്കൂളിലും അക്കാദമിക് മാസ്റ്റർ പ്ലാൻ പുനർനിർമ്മിക്കുന്നു.

നഭസ്സ് എന്ന പേരിൽ 2018-ൽ ഗവ: ഹൈസ്ക്കൂൾ തയ്യാറാക്കിയ AMP -യുടെ പുനർനിർമ്മാണത്തിൽ SMC, PTA, MDTA, SDC, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയ എല്ലാ കമ്മിറ്റികളുടെയും പങ്കാളിത്തം ഉറപ്പാക്കി. നിലവിൽ നടത്തിയ അവസ്ഥാ പഠനത്തിൽ പഠനാന്തരീക്ഷം, പാഠ്യപദ്ധതിവിനിമയം, ഭൗതിക സാഹചര്യം. സാമൂഹ്യ ഇടപെടൽ, മതിയായ അദ്ധ്യാപകരുടെ എണ്ണം തുടങ്ങിയവ ചർച്ച ചെയ്തു. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിലേയ്ക്കായി മികവാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു.

വികസനോന്മുഖമായ ഒരു സമൂഹത്തിൽ സക്രിയമായി ഇടപെട്ട് ജീവിയ്ക്കാനാവശ്യമായ ശേഷിയും ധാരണകളും മനോഭാവങ്ങളും നേടുന്നതിനും വ്യക്തിത്വമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസംകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. **'പടവുകൾ'** ഇതിലേയ്ക്കുള്ള രണ്ടാമത്തെ ചുവടുവയ്പ്പായി കണക്കാക്കുന്നു.

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ: ഹൈസ്കൂൾ മണ്ണന്തല |
| വിലാസം, ഫോൺ | : | ഗവ: ഹൈസ്കൂൾ മണ്ണന്തല,<br>തിരുവനന്തപുരം-15,<br>04712541819 |
| സ്കൂൾ കോഡ് | : | 43029 |
| വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരം നോർത്ത് |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| റവന്യു ജില്ല | : | തിരുവനന്തപുരം |
| യു.ആർ.സി | : | നോർത്ത് |
| സി.ആർ.സി | : | പട്ടം |
| കോർപ്പറേഷൻ | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | കഴക്കൂട്ടം |
| ലോകസഭാ മണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| ഇ മെയിൽ | : | mannanthalaghs@gmail.com |
| വെബ്സൈറ്റ് | : | |

## അദ്ധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരം | 3 വർഷത്തിൽ കൂടുതൽ തുടരുന്നവർ |
|---|---|---|---|
| LP | 4 | 4 | 2 |
| UP | 3 | 3 | 1 |
| HS | 5 | 5 | 3 |

# കാഴ്ചപ്പാട്

എല്ലാ വിദ്യാർത്ഥികൾക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഈ സ്കൂളിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കാൻ ശ്രമിക്കും.

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും
- നാട്ടിൽ ലഭ്യമായ വൈദഗ്ദധ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിനു മുതൽകൂട്ടാക്കും
- പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഉറപ്പാക്കും.
- കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനു വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാധ്യതകൾ പ്രയോജനപ്പെടുത്തും.
- മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കും.
- പാഠ്യപാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കും.
- ഏത് സാഹചര്യങ്ങളിലും പഠനത്തിന് തടസ്സം വരാത്തരീതിയിൽ ക്രമീകരണം നടത്തും. ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കും.
- വിവിധ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികളെ ഗുണമേന്മാ വിദ്യാഭ്യാസത്തിനു മുതൽ കൂട്ടാക്കും.

# ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കി കൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- വിവിധ ഭാഷകൾ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) നന്നായി സംസാരിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- വിവിധ വിഷയങ്ങളിൽ കൂടുതൽ പരിജ്ഞാനം ഉറപ്പുവരുത്തുന്നതിനോടൊപ്പം, മത്സരങ്ങളിൽ പങ്കെടുക്കുക, ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ (തലങ്ങൾക്കനുസൃതമായി) ഏറ്റെടുത്തുനടപ്പാക്കാനുള്ള പ്രാപ്തി കൈവരിക്കാനാവശ്യമായ സഹായസഹകരണങ്ങൾ ലഭ്യമാക്കും.
- വ്യക്തിത്വ വികസനത്തിനു കൂടുതൽ ഊന്നൽ നല്കും
- ജൈവവൈവിധ്യ പാർക്ക്, ജൈവ പച്ചക്കറി, അലങ്കാര, ഭക്ഷ്യ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കും.
- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- ഐ.ടി സാധ്യത പഠനത്തിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കും.
- അദ്ധ്യാപകർക്ക് സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം, പഠനസാമഗ്രികളുടെ യഥാസമയ ലഭ്യത, പ്രാദേശിക വിഭവങ്ങൾ (മനുഷ്യ വിഭവനം, സമ്പത്ത്, സാമഗ്രികളുടെ ലഭ്യത), സാമൂഹ്യ പിന്തുണ, ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും അധ്യാപക-രക്ഷാകർതൃബന്ധം ഉറപ്പാക്കും.

## നേട്ടങ്ങൾ

- തുടർച്ചയായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം
- സ്പോർട്സ് ഇനങ്ങളിൽ മികച്ച പ്രകടനം
- ദിനാചരണ-അക്കാദമിക പ്രവർത്തനം-മികച്ച പ്രകടനം
- മികവുത്സവം, പഠനോത്സവം മികച്ച പ്രവർത്തനങ്ങൾ
- കുട്ടികളുടെ എണ്ണത്തിലെ വർദ്ധനവ്
- സ്കൂൾ കലോത്സവങ്ങളിലെ മികവ്
- സ്കൂൾ ശാസ്ത്രമേളകളിലെ മികവ്
- Inspire Award സംസ്ഥാനതലത്തിൽ പങ്കെടുത്തു.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള Pre-Primary Park 'വർണ്ണക്കൂടാരം'.
- Insight for Innovation കുട്ടികൾക്ക് വേണ്ടി 'Project Aksharam' എന്ന പദ്ധതി നടത്തിവരുന്നു.

## മാറ്റങ്ങൾ

2025 – 26 അധ്യയന വർഷത്തിൽ മണ്ണന്തല ഗവ. ഹൈസ്കൂളിൽ വരേണ്ട മാറ്റങ്ങൾ.

- ആകർഷകമായ കവാടം.
- പൂർണമായതും കെട്ടുറപ്പുള്ളതുമായ ചുറ്റുമതിൽ.
- മനോഹരമായ നടപ്പാതയും പൂന്തോട്ടവും.
- പുതിയ സ്മാർട്ട് ക്ലാസുകൾ ഉൾപ്പെട്ട കെട്ടിടം.
- ആധുനിക പാർക്ക് (Cycling, Skating, Playing place)
- Audio visual recording studio.
- Well structured Dining Hall
- Modular Kitchen
- Indoor game ground
- Well – electrified surroundings
- CCTV – facilities
- Public addressing system in classroom
- Child friendly furnitures
- Sufficient furnitures in library
- IT – facilities
- e-Library facilities
- Permanent post for teaching inclusive children
- Sports Teacher
- Swimming Pool
- Facilities for Pisci culture (മത്സ്യകൃഷി)
- Transport Facilities.

## പഠനാന്തരീക്ഷം

- സുരക്ഷിതമല്ലാത്ത സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി പഠന യോഗ്യമായ കെട്ടിടം പണികഴിപ്പിക്കേണ്ടതുണ്ട്.
- ക്ലാസ്സ് റൂമുകൾ പെയ്ന്റ് ചെയ്ത് മനോഹരമാക്കേണ്ടതുണ്ട്.
- ക്ലാസ്സ് റൂം ജനാധിപത്യം, അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം ഉറപ്പാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
- അനുയോജ്യമായ പഠനോപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നു.
- ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം എൽ.പി, യു.പി ക്ലാസ്സുകളിൽ യഥാസമയം ലഭ്യമാകുന്നില്ല.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ഹോം ലൈബ്രറി മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നു. ഡിജിറ്റലൈസ്ഡ് ലൈബ്രറി സൗകര്യം പ്രതീക്ഷിക്കുന്നു.
- മിതമായും, സുരക്ഷിതമല്ലാത്തതുമായ കളിസ്ഥലം. ലഭ്യമായ കളി ഉപകരണങ്ങൾ കായികാദ്ധ്യാപകരുടെ അഭാവത്താൽ പരിമിതമായ അറിവിൽ പ്രയോജനപ്പെടുത്തുന്നു.
- Gifted children's class rooms നിലവിൽ ഇല്ല.
- Smart class rooms അപര്യാപ്തം.
- സ്കൗട്ട്, എൻ.സി.സി, ഗൈഡ്സ്, എസ്.പി.സി കുട്ടികളുടെ എണ്ണക്കുറവുമൂലം ലഭ്യമാകുന്നില്ല.
- ഹയർ സെക്കന്ററി വിഭാഗം പ്രതീക്ഷിക്കുന്നു.

# അധ്യാപകർ

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം ഭാഗികം (ബാഹ്യഇടപെടലുകൾ ഉണ്ടാകുന്നു).
- പഠനസാമഗ്രികൾ യഥാസമയം ലഭിക്കുന്നു. പ്രയോജനപ്പെടുത്തുന്നു.
- ആവശ്യമായ പ്രാദേശിക വിഭവങ്ങൾ (മാനുഷിക വിഭവങ്ങൾ, ഫണ്ട്) ഭാഗികമായി ലഭ്യമാകുന്നു.
- സാമൂഹിക പിന്തുണ ഭാഗികം
- ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും നടത്തുന്നു.
- അദ്ധ്യാപക-രക്ഷകർത്തൃബന്ധം - നല്ല രീതിയിൽ

# പാഠ്യപദ്ധതി - വിനിമയം

**അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ**

**ഭാഷ - എൽ.പി. തലം**

**മേഖല - വായന**

| ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു. | അദ്ധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു. | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| 50% | 30% | 20% |

**ഭാഷ - യു.പി. തലം**

| ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു. | അദ്ധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു. | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| 50% | 30% | 20% |

**ഭാഷ - എച്ച്.എസ്. ലെവൽ**

| ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു. | അദ്ധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു. | വായിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| 60% | 20% | 20% |

ഗണിതം

**മേഖല:- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.**

**ഭാഷ - യു.പി തലം**

| | കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | പരിഹരിക്കാൻ ശ്രമിക്കുന്നു |
|---|---|---|---|
| LP | 40% | 30% | 30% |
| UP | 50% | 30% | 20% |
| H.S. | 50% | 30% | 20% |

ശാസ്ത്രം

**മേഖല:- പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.**

| | സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപകരണങ്ങൾ തെരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനങ്ങളിലെത്തുന്നു. | പരീക്ഷണങ്ങളിലേർപ്പെടുന്നു. ശരിയായ നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല | അധ്യാപികയുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു. |
|---|---|---|---|
| LP | 40% | 30% | 30% |
| UP | 50% | 30% | 20% |
| HS | 60% | 20% | 20% |

S.S

**മേഖല:- ചരിത്രാന്വേഷണം**

| | | | |
|---|---|---|---|
| ചരിത്രാന്വേഷണവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ദത്തങ്ങൾ സ്വയം ശേഖരിച്ച് അപഗ്രഥിച്ച് നിഗമനത്തിലെത്തി ചരിത്ര രചന പൂർത്തീകരിക്കുന്നു. | | ദത്തങ്ങൾ ശേഖരിക്കുന്നു. പൂർണമായി അപഗ്രഥിച്ച് ചരിത്രരചന ഭാഗികമായി നടത്തുന്നു. | അധ്യാപികയുടെ സഹായത്തോടെ ചരിത്രരചന നിർവ്വഹിക്കുന്നു |
| UP | 30% | 40% | 30% |
| HS | 60% | 20% | 20% |

## ഭൗതിക സാഹചര്യം

മികവിന്റെ കേന്ദ്രമായി മാറാൻ ...

- സുരക്ഷിതമല്ലാത്ത സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റി പഠനയോഗ്യമായ കെട്ടിടം പണികഴിപ്പിക്കേണ്ടതുണ്ട്.
- പരിസ്ഥിതി സൗഹൃദ-വിദ്യാർത്ഥി സൗഹൃദ സ്ക്കൂൾ
- സ്കൂൾ ക്ലാസ്സ് അന്തരീക്ഷം ഭാഗികം
- അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രീ-പ്രൈമറ പാർക്ക് "വർണ്ണക്കൂടാരം"
- ലബോറട്ടറി സൗകര്യം (ലാബ്, അപര്യാപ്തം)
- ഓരോ ക്ലാസിനും അനുയോജ്യമായ ലൈബ്രറി ഭാഗികം.
- മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ്, ഭിന്ന ശേഷി ടോയ്‌ലറ്റ് അപര്യാപ്തം.
- വിദ്യാർത്ഥി സൗഹൃദം, ഭിന്നശേഷി സൗഹൃദം, ഫർണിച്ചർ അപര്യാപ്തം. തയ്യാറാക്കുന്ന ഭക്ഷണം വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യമില്ല.
- ഗതാഗത സൗകര്യം (സ്വന്തമായി സ്ക്കൂൾ ബസ്) നിലവിലില്ല.

# സാമൂഹ്യഇടപെടലുകൾ

**വിദ്യാലയം നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ**

ചുറ്റുമതിലിന്റെ അഭാവം (ഒരു ഭാഗത്ത്) - ബാഹ്യഇടപെടലിന് നിരന്തരം വേദിയാകുന്നു. പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

സ്കൂൾ ഗ്രൗണ്ട്, ഓപ്പൺ ആഡിറ്റോറിയം അനുമതിയില്ലാതെ കയ്യേറുന്നു.

ചുറ്റുമതിലിന്റെ അഭാവത്താൽ കുട്ടികൾ ലഹരിവസ്തുക്കൾ ഉപയോഗിക്കാനുള്ള സാധ്യത കാണുന്നു.

# സവിശേഷ ലക്ഷ്യങ്ങൾ
# വിഷയാധിഷ്ഠിതം

## Class I & II

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിനടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാവിദ്യാഭ്യാസം പദ്ധ്യതിയുടെ ഭാഗമായി നമ്മുടെ സ്കൂളിലെ ഒന്ന്, രണ്ട് ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കുന്നതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. അതിനായി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻകുട്ടികളിൽ പ്രകടമായ മാറ്റങ്ങൾ കൈവരിക്കാൻ സഹായിക്കുന്നു.

**<u>ലക്ഷ്യങ്ങൾ</u>**

**<u>ഭാഷ</u>**

- ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാക്കുന്നു.
- സ്വതന്ത്ര വായനയ്ക്ക് അവസരം നൽകുന്നു.
- സർഗ്ഗാത്മകരചനയിലേക്ക് നയിക്കുന്ന 'സംയുക്ത ഡയറി' കുട്ടികളിൽ സർഗ്ഗാത്മക ശേഷി വളർത്താൻ സഹായിക്കുന്നു.
- വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കി മാറ്റുന്നു.
- സചിത്രപാഠപുസ്തകത്തിലൂടെ സ്വതന്ത്രരചനയ്ക്ക് പ്രാപ്തരാക്കുന്നു.

**ഗണിതം**

- രണ്ടാം ക്ലാസിലെ കുട്ടികളെ 100 വരെയുള്ള സംഖ്യാബോധം, വ്യാഖ്യാനം, സങ്കലന-വ്യവകലന ക്രിയകൾ, പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ എന്നീ ശേഷികൾ ഉറപ്പാക്കുക.
- സംഖ്യബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റുകൾ ഉപയോഗിച്ച് ഗണിതാശങ്ങൾ ഉറപ്പിക്കൽ.

## പരിസരപഠനം

- ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നു.
- പ്രകൃതിയെ അറിയാൻ.
- നാടറിയാൻ- നാട്ടറിവുകൾ

## ഇംഗ്ലീഷ്

- ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരമൊരുക്കൽ.

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പഠനത്തിൽ അടിസ്ഥാന ശേഷി വികസന സാധ്യമാക്കുന്നു. | സചിത്ര പാഠപുസ്തക രൂപീകരണത്തിലൂടെ സ്വതന്ത്ര രചനയ്ക്ക് അവസരം നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ CPTA | |
| സർഗ്ഗാത്മക രചനയ്ക്ക് അവസരം നൽകുന്ന 'സംയുക്ത ഡയറി' എഴുതൽ | രക്ഷിതാവിന്റെ സഹായത്തോടെ 'സംയുക്ത ഡയറി' പരിപോഷിപ്പിക്കുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ CPTA | |
| | സചിത്ര സംയുക്ത ഡയറി എഴുതുന്നു. | ജനുവരി - ഫെബ്രുവരി | | |
| | രചനകൾ പ്രദർശിപ്പിക്കാൻ അവസരം നൽകൽ. | | | |
| പാട്ടരങ്ങിലൂടെ സർഗ്ഗാത്മത വളർത്തുന്നു. | കുട്ടികൾ ശേഖരിച്ച പാട്ടുകൾ പഠിച്ച് ബാലസഭയിൽ അവതരിപ്പിക്കാൻ അവ | എല്ലാ ആഴ്ച്ചയിലും. | ക്ലാസ് ടീച്ചർ CPTA | |

| | | | | |
|---|---|---|---|---|
| | സരം നൽകുന്നു. | | | |
| മലയാളം മധുരം പരിപാടിയിലൂടെ സ്വതന്ത്ര വായനയ്ക്ക് അവസരം നൽകുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ 'മല യാള മധുരം' വായനാ പരിപാടി തുടരു ന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ CPTA | |
| സ്വതന്ത്ര വായനയ്ക്ക് അവസരം നൽകൽ (റീഡേഴ്സ് തിയേറ്റർ) | 'റീഡേഴ്സ് തിയറ്റർ' എന്ന ആശയം കുട്ടികളിൽ എത്തിക്കുന്നു. പാഠ ഭാഗങ്ങൾ മറ്റ് സാഹിത്യങ്ങൾ എന്നിവ കഥാപാത്രങ്ങളെ ഉൾക്കൊണ്ട് ക്ലാസിൽ വായിച്ച് അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ CPTA | |
| ലേഖനത്തിന് കൂടുതൽ അവസരം. | ക്ലാസ് പത്രം തയ്യാറാക്കൽ. | ടേം - 1 | Class Tr. PTA SMC | |

## ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും സംഖ്യാ ബോധം (100 വരെ) വ്യാഖ്യാനം<br><br>സങ്കലന വ്യവകലന ക്രിയകൾ പ്രായോഗിക പ്രശ്ന പരിഹാരം എന്നിവയിലും മികവ് നേടുക<br><br>ഗണിത ചിന്താ ശേഷി വളർത്തൽ | ഗണിത കിറ്റിലൂടെ ഗണിതായശയ ങ്ങൾ ഉറപ്പിക്കുന്നു.<br><br>ഗണിത കേളികളിൽ ഏർപ്പെടുന്നു.<br><br>കുസൃതിക്കണക്കുകൾ, പസിലുകൾ പരിചയപ്പെടൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | SSK |

## പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നു. | ശുചിത്വ ക്ലാസുകൾ<br>സർവ്വെ | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ<br>SMC | |
| പ്രകൃതിയെ അറിയാൻ | പോസ്റ്റർ നിർമ്മാണം.<br>പ്രകൃതി നടത്തം<br>കാഴ്ച ബംഗ്ലാവിലേക്ക് (Trip) | സെപ്റ്റംബർ - ഡിസംബർ | Trs.<br>SMC | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക് (Field trip) | ജനുവരി | SMC<br>നാട്ടുകാർ | |

**ഇംഗ്ലീഷ്      Class I & II**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസര മൊരുക്കുന്നു. | Let's talk<br>പ്രതിഭാധനരുമായി സംവദിക്കൽ<br><br>ഇംഗ്ലീഷ് ബാലസഭ<br><br>ഇംഗ്ലീഷ് അസംബ്ലി. | 3 മാസത്തിൽ ഒന്ന്<br><br>മാസത്തിൽ 1<br><br>മാസത്തിൽ ഒന്ന് | Class Tr.<br>SMC | SSK |

# മലയാളം Class I

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പഠനത്തിൽ അടിസ്ഥാനശേഷി സാധ്യമാക്കൽ | സചിത്ര പഠനത്തിലൂടെ സ്വതന്ത്ര രചന. | ജൂൺ - മാർച്ച് | Class Tr. | |
| ചിഹ്നങ്ങൾ അക്ഷരങ്ങൾ ഉറപ്പിക്കൽ | അക്ഷര കാർഡുകൾ, ഭാഷാ കേളികൾ എന്നിവയിലൂടെ പഠനം. | ജൂൺ - മാർച്ച് | Class Tr. | |
| വായ്ത്താരികൾ അവതരിപ്പിക്കുക. | 'Audio' യിലൂടെ വായ്ത്താരികൾ കേൾക്കാൻ അവസരം | ജൂൺ - മാർച്ച് | Class Tr. | |
| സംയുക്ത ഡയറി | രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി | ജൂൺ - മാർച്ച് | Class Tr. | |
| മലയാളം മധുരം | രക്ഷിതാവിന്റെ സഹായത്തോടെ. | ജൂൺ - മാർച്ച് | Class Tr. | |
| സ്വതന്ത്ര വായന | ക്ലാസിൽ സ്വതന്ത്ര വായന. | ജൂൺ - മാർച്ച് | Class Tr. | |
| ലേഖനത്തിന് അവസരം. | കുഞ്ഞെഴുത്തുകൾ എഴുതി പ്രദർശനം. | ജൂൺ - മാർച്ച് | Class Tr. | |

## ഗണിതം I

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയും ഗണിത പ്രവർത്തന ങ്ങളിലൂടെയും ഗണിതം ലളിതമാക്കൽ | ഗണിത കേളികളിൽ ഏർപ്പെടുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| ഗണിത കിറ്റിലൂടെ ഗണിതാശയം ഉറ പ്പിക്കൽ | 1-20 വരെ ഗണിതാശയങ്ങൾ സങ്കലനം, വ്യവകലന ക്രിയകൾ വിവിധ പ്രവർത്ത നങ്ങളിലൂടെ ഉറപ്പിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | ഗണിതകിറ്റുകൾ തയ്യാറാക്കുന്നു. ആശ യങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ CPTA | |

**മലയാളം Std: III**

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പ ത്തികം |
|---|---|---|---|---|
| 1 | ഭാഷ നന്നായി വായിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ (വായന) | അക്ഷരം, അടയാളം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ. | ജൂൺ - മാർച്ച് | |
| 2 | തെറ്റില്ലാതെ ഭാഷ കൈകാര്യം ചെയ്യാൻ | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, വായനാക്കുറിപ്പ് തയ്യാറാക്കൽ, പത്രവായന. | | |
| 3 | പാഠഭാഗങ്ങളിൽ നിന്നുള്ള ശേഷികൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ. | കഥ പറയുന്നു, കഥ - ബാക്കി പറയൽ, എഴുതൽ.<br>(ഒരു കഥയുടെ കുറച്ചുഭാഗം കൊടുക്കുന്നു, ബാക്കി ഭാഗം കുട്ടികൾ സ്വയം പൂർത്തിയാക്കുന്നു.)<br><br>ഡയറി, കടംകഥ ശേഖരണം, പഴഞ്ചൊല്ലുകൾ ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ. | | |

**ENGLISH Std. III**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പ ത്തികം |
|---|---|---|---|
| To develop listening skills and reading skills. | Game, action song, story telling, picture story, rhymes, word web. | June – March | |
| To speak read and write English without any mistakes | Library book reading Diary, Add more lines. Vocabulary development, Riddles. | | |
| Express thoughts and feelings in simple language. | Conversation, sentence completion, News paper reading, Letter. | | |

**Mathematics Std. III**

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1 | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാൻ | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ജൂൺ - മാർച്ച് | |
| 2 | 1-1000 വരെ സംഖ്യകൾ എഴുതാനും സ്ഥാനവിലയ്ക്ക് അനുസരിച്ച് മാറ്റി എഴുതാനും മനസിലാക്കുന്നു. | സംഖ്യാ കാർഡ്, കളിനോട്ടുകൾ, അബാക്കസ് നിർമാണം, സ്ഥാനവില പോക്കറ്റ് | | |
| 3 | സംഖ്യാ വ്യാഖ്യാനം | കമ്പു കെട്ടുകൾ, | | |
| 4 | ഉയരം, തൂക്കം ഇവ മനസിലാക്കുന്നു. | സ്കെയിൽ നിർമ്മാണം. | | |

## EVS Std: III

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം, അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ് | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | ജൂൺ, മാർച്ച് | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണങ്ങൾ നിർമ്മാണം പ്രദർശനം, ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക. | | |

**മലയാളം** **Std: IV**

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ. | 1. ക്ലാസ്സ് തല വായന ക്കൂട്ടം രൂപീകരിക്കൽ.<br>2. ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>3. പത്രവായന.<br>4. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് ഇവ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | |
| 2 | പാഠഭാഗങ്ങളിൽ നിന്നും നേടിയ ശേഷികൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ. | 1. ഡയറി എഴുത്ത്<br>2. കവിതകൾ ശേഖരിക്കുന്നു, അവതരിപ്പിക്കുന്നു.<br>3. പഴഞ്ചൊല്ലുകൾ, കടങ്കഥകൾ ശേഖരണം. | | |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. (എഴുത്തുകൂട്ടം) | എഴുത്തുകൂട്ട രൂപീകരണം ക്ലാസ്സ് ലൈബ്രറി മെച്ചപ്പെടുത്തുക.<br><br>മാഗസിൻ, ചുമർപത്രിക, പതിപ്പ് എന്നിവ തയ്യാറാക്കൽ. കഥ എഴുത്ത് മത്സരം ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ രചന, കുറിപ്പ് തയ്യാറാക്കൽ. | | |

**ENGLISH Std: IV**

| No. | Aim | Activities | Time | Financing |
|---|---|---|---|---|
| **1.** | To develop listening skills and reading skills | Games, action Song, storytelling, Puzzles, make word web. | June – March | |
| **2.** | To speak, read and write without any mistakes | Class library, Diary writing, Letter writing, Riddles, To add 'Hello English' activities, to Conduct English assembly. | | |
| **3.** | To develop the Textbook activities. | Prepare notice Add more lines, prepare dictionary conversation, skit, prepare project work. | | |
| **4.** | To develop writing skills. | Letter writing, important day celebrations, Reading competions, poster writing. | | |

# EVS Std. IV

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പ ത്തികം |
|---|---|---|---|---|
| 1 | നിരീക്ഷണം - അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധ പ്പെടുത്തി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു. | ജൂൺ - മാർച്ച് | |
| 2 | ശാസ്ത്ര മൂല ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കാൻ. | ശാസ്ത്ര പഠനത്തിനാവ ശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണ ങ്ങൾ സംഘടിപ്പിക്കൽ | | |
| 3 | ശാസ്ത്ര യാത്ര ശാസ്ത്രപഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ. | വായന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്, ശാസ്ത്ര മെഡി ക്കൽ പ്രദർശനങ്ങൾ എന്നിവ സന്ദർശിക്കൽ | | |
| 4 | കേരളം, ഇൻഡ്യ ഭൂപട വായന - സൂചിക പരിച യപ്പെടൽ. | ഭൂപട വായന, ഭൂപട രചന സൂചികാ നിർമാണം ഇവ ഉപയോ ഗിക്കൽ | | |
| 5 | ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പഠനം രസകര മാക്കൽ. | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | |
| 6 | ശാസ്ത്രോത്സവം ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകര ണങ്ങൾ, പരീക്ഷണം ഇവയുടെ പ്രദർശനം | | |
| 7 | ശാസ്ത്രമാസിക. | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | | |

**ഗണിതം Std: IV**

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1. | ഗണിത പഠനം രസകരമാക്കൽ (ചതുഷ് ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ<br>ഏണിയും പാമ്പും കളി<br>ഡൈസ് കളി<br>കച്ചവടക്കളി | വർഷം മുഴുവൻ | |
| 2. | ഗണിതലാബ്, ഗണിത പഠനം പ്രവർത്തനം, സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ | ആവശ്യാനുസരണം | |
| 3. | 1 – 1000 വരെ സംഖ്യകൾ എഴുതാനും സ്ഥാന വിലയ്ക്കനുസരിച്ച് മാറ്റി എഴുതാനും മനസ്സിലാക്കാനും | സംഖ്യാ കാർഡ്<br>കളിനോട്ടുകൾ,<br>അബാക്കസ് നിർമ്മാണം<br>സ്ഥാനവില പോക്കറ്റ് | ആവശ്യാനുസരണം | |
| 4. | സംഖ്യാ വ്യാഖ്യാനം | കമ്പു കെട്ടുകൾ | ആവശ്യാനുസരണം | |
| 5. | ഉയരം, തൂക്കം ഇവ മനസ്സിലാക്കുന്നു. | സ്കെയിൽ നിർമ്മാണം | ആവശ്യാനുസരണം. | |

## മലയാളം Std. V – X

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അനായാസമായും അർഥപൂർണമായും വായിക്കണം. | • പ്രീ ടെസ്റ്റ്<br>• വായനയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വായന കാർഡ് നിർമ്മാണം.<br>• പത്രവായന വിശകലനം | ഉചിതമായ ഇടവേളകളിൽ വർഷം മുഴുവൻ | V to X | |
| എല്ലാകുട്ടികളും പ്രായത്തിന് അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടണം. | • വലുതാകുന്ന വാക്യം<br>• ലൈബ്രറിയുടെ കാര്യക്ഷമമായ ഉപയോഗം<br>• ആഴ്ചയിലൊരിക്കൽ ഒരു വായനക്കുറിപ്പ്<br>• ദിനാചരണങ്ങളുടെ ഭാഗമായി 1 മണിക്കൂർ വായന<br>• മലയാളത്തിളക്കം തുടർപ്രവർത്തനങ്ങൾ | | | |
| ആശയ രൂപീകരണത്തിനനുസരിച്ച് അവ ലിഖിത രൂപത്തിലേക്ക് മാറ്റാ | • ജന്മദിന പുസ്തകം.<br>• അറിയപ്പെടുന്ന | | | |

| | | | | |
|---|---|---|---|---|
| നുള്ള ശേഷി നേടണം | ആൾക്കാരുടെ ജന്മദിന പോസ്റ്റർ.<br>• വർക്ക് ഷീറ്റ് നിർമാണം. | | | |
| സ്വന്തമായി സർഗാത്മക രചനയിൽ ഏർപ്പെടുന്നു. | • നാടകശില്പ ശാല.<br>• പാഠഭാഗങ്ങളുടെ നാടകീകരണം. | | | |

## ഹിന്ദി

## ക്ലാസ്സ്: ഹൈസ്ക്കൂൾ (പാഠ്യപദ്ധതി വിനിമയം)

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | വായന | • ഹിന്ദി അക്ഷരമാല ദൃഢമാക്കണം | 1 മാസം | Hindi Teacher | |
| | | • ഹിന്ദി പത്രം ലഭ്യമാക്കണം | 6 മാസം | PTA | |
| | | • ഹിന്ദി വായനാമത്സരങ്ങൾ നടത്തണം | 1 മാസം | Hindi Tr. | |
| | | • ഹിന്ദി കോമിക്സ് ലഭ്യമാക്കണം | 6 മാസം | PTA | |
| | | • Digital Reading ലഭ്യമാക്കണം. | 1 വർഷം | PTA | |
| | | • ഡിജിറ്റൽ റീഡിംങ്ങ് മെറ്റീരിയൽ ലഭ്യമാക്കണം. | 1 വർഷം | Hindi Tr. | |
| | | • ലൈബ്രറിയിൽ ഹിന്ദി-ബാലസാഹിത്യ പുസ്തകങ്ങൾ ലഭ്യമാക്കണം. | 6 മാസം | PTA | |
| | | • ഹിന്ദി അസ്സംബ്ലി, ഹിന്ദി ക്ലബ് ഇവ സജീവമാക്കുക. | 6 മാസം | Hindi Tr. | |

| | | | | | |
|---|---|---|---|---|---|
| 2. | ശ്രവണം | • ഹിന്ദി വാർത്ത റ്റി.വി.യിലും റേഡിയോ യിലും കേൾക്കാൻ അവസരം ലഭി ക്കണം.<br>• ഐ.സി.റ്റി ഉപ യോഗത്തിലൂടെ ഹിന്ദി നാടക ങ്ങൾ, സംഭാഷ ണം, കാർട്ടൂൺസ് എന്നിവ കാണാനും കേൾക്കാനും അവസരം ലഭി ക്കണം<br>• Language Lab കാര്യക്ഷമമായി പ്രവർത്തി ക്കണം<br>• ക്ലാസ്സിൽ അധ്യാപകർ ഹിന്ദിയിൽ മാത്രമ സംസാ രിക്കണം.<br>• ഹിന്ദി എഫ്. എം. റേഡിയോ സ്ക്കൂളിൽ കാര്യക്ഷമമായി | 6 മാസം<br>1 വർഷം<br>1 വർഷം<br>1 വർഷം | Hindi Tr.<br>Hindi Tr.<br>PTA<br>Hindi Tr. | |

| | | | | | |
|---|---|---|---|---|---|
| | | നടത്തണം.<br>• ഓഡിയോ റീഡിംങ് പ്രോത്സാഹിപ്പിക്കണം. | 6 മാസം | Hindi Tr. | |
| 3. | സംഭാഷണം | • ക്ലാസ്സിൽ സ്വതന്ത്രമായി ഹിന്ദിയിൽ ആശയവിനിമയം നടത്താൻ അവസരം ലഭ്യമാക്കണം.<br>• നാടകാഭിനയത്തിലൂടെ<br>• പ്രസംഗമത്സരങ്ങളിലൂടെ<br>• ഹിന്ദി ഫിലിം ഫെസ്റ്റ് നടത്തണം. | 6 മാസം<br>6 മാസം<br>6 മാസം | Hindi Tr.<br>Hindi Tr.<br>PTA. | |
| 4. | എഴുത്ത് | • ചുവരെഴുത്തുകളിലൂടെ<br>• ഹിന്ദി നോട്ടീസ് ബോർഡ്, ഹിന്ദി വാർത്ത തയ്യാറാക്കൽ<br>• ക്ലാസ് മാഗസിൻ തയ്യാറാക്കാം. | 6 മാസം<br>6 മാസം<br>6 മാസം | Hindi Tr.<br>Hindi Tr.<br>Hindi Tr. | |

| | | | | | |
|---|---|---|---|---|---|
| 5. | ഹിന്ദി ഭാഷ യിൽ താൽപര്യം സൃഷ്ടി ക്കാൻ | • ഹിന്ദി പഠനം ആക്റ്റിവിറ്റി ഓറി യന്റഡ് ആക ണം.<br>• ഹിന്ദി യിൽ ചിത്രകഥകൾ പോലുള്ള ബാല സാഹിത്യം ലഭ്യ മാക്കണം.<br>• ടി.വി., റേഡിയോ തുടങ്ങിയ മാധ്യ മങ്ങളുടെ ശരി യായ ഉപയോ ഗം.<br>• ഐ.സി.റ്റി.യുടെ ഫലപ്രദമായ ഉപയോഗം.<br>• പ്രവർത്തനക്ഷമ മായ Language Lab | 1 വർഷം<br>1 വർഷം<br>1 വർഷം<br>1 വർഷം<br>1 വർഷം | Hindi Tr.<br>PTA<br>PTA<br>Hindi Tr.<br>PTA | |

## ശാസ്ത്ര ലക്ഷ്യങ്ങൾ

- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുക.
- ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.
- ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക.
- സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മക്കായി വിനിയോഗിക്കുക.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
- ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.
- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.

| Sl. No. | Programme | Activity | Class | Duration | Aim |
|---|---|---|---|---|---|
| 1 | ദിനാചരണം | ശാസ്ത്ര ക്വിസ്<br>സെമിനാർ<br>ഡിബേറ്റ് | 5 –10 | ജൂൺ - ഫെബ്രുവരി | ശാസ്ത്ര നേട്ടങ്ങൾ സമൂഹ നന്മക്കായി പ്രയോജനപ്പെടു ത്തുക. |
| 2. | Science Exhibition | ഉല്പന്ന പ്രദർശനം | 5 – 10 | ജൂലൈ - ഫെബ്രുവരി | ശാസ്ത്രത്തിന്റെ രീതി സ്വായ ത്തമാക്കുകയും പ്രയോഗിക്കു കയും ചെയ്യുക. |
| 3. | Science Magazine | ശാസ്ത്ര മാഗസിൻ നിർമ്മാണം | 5 – 10 | ജൂൺ - ആഗസ്റ്റ് | ശാസ്ത്ര വിഷയങ്ങളോടുള്ള ആഭിമുഖ്യം വളർത്തുക. |
| 4. | Field trip | ബൊട്ടാണിക്കൽ ഗാർഡൻ<br>സോയിൽ മ്യൂസിയം<br>വി.എസ്.എസ്.സി.<br>പ്ലാനറ്റോറിയം, EMC | 5 — 10 | ജൂലൈ - ഫെബ്രുവരി | ശാസ്ത്ര അവബോധം വളർത്തുക. |
| 5. | Science Library | സ്കൂൾ ലൈബ്രറിയിൽ സയൻസ് കോർണർ | 5 – 10 | ജനുവരി - ഫെബ്രുവരി | വായനാ ശീലം വളർത്തുക, ശാസ്ത്രാന്വേഷണ ത്വര വളർത്തുക. |
| 6. | Research type Project | ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യക ത. | 5 – 10 | ആഗസ്റ്റ് - ഡിസംബർ | പുനരുപയോഗ സാധ്യത യുള്ള ഊർജ്ജ സ്രോതസ്സു കൾ കണ്ടെത്തുക. ഊർജ്ജ |

| | | | | | |
|---|---|---|---|---|---|
| | | | | | സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധം വളർത്തുക. |
| 7. | Work shop | എക്സ്പിരിമെന്റ് നിർമ്മാണ പ്രവർത്തനങ്ങൾ | 5 - 10 | ജനുവരി - ഫെബ്രുവരി | ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള സംഘബോധം വളർത്തുക. |
| 8 | ശാസ്ത്ര കളികൾ | പീരിയോഡിക് ടേബിൾ പദ പ്രശ്നം സസ്യങ്ങൾക്ക് പേരിടൽ | 5 –10 | ജൂൺ - ഫെബ്രുവരി | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം ഇവ വളർത്തുക. |
| 9. | പച്ചക്കറിത്തോട്ടം | ഭക്ഷ്യസുരക്ഷയിൽ സ്വയം പര്യാപ്തമാക്കൽ. ഔഷധ സസ്യങ്ങൾ വളർത്തൽ | 5 –10 | ജൂൺ - ഫെബ്രുവരി | സ്വയം പര്യാപതത സംഘബോധം |
| 10. | ശാസ്ത്ര പതിപ്പ് | പാഠ്യാനുബന്ധവിഷയങ്ങളുമായി പതിപ്പ് തയ്യാറാക്കൽ | 5 - 10 | ജൂൺ - ഫെബ്രുവരി | ശാസ്ത്ര വിഷയങ്ങളിലുള്ള താൽപര്യം വളർത്തുക, അന്വേഷണത്വര വളർത്തുക. വായനാശീലം. |
| 11. | നൂതന കൃഷിരീതികൾ | Laying, Crafting, Budding തുടങ്ങിയവ പരിശീലിക്കുക. | 7 - 10 | ജൂൺ - ആഗസ്റ്റ് | നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന കാർഷിക മേഖലകളെക്കുറിച്ച് അറിവ് ശേഖരിക്കാനും പ്രായോഗികമാക്കാനും. |

| | | | | | |
|---|---|---|---|---|---|
| **12.** | ശാസ്ത്ര കിറ്റ് | ശാസ്ത്ര പരീക്ഷണങ്ങൾക്കാവശ്യമായ വസ്തുതകൾ ചുറ്റുപാടുനിന്നും കണ്ടെത്തുന്നു. | 5 – 10 | ജൂൺ – ഫെബ്രുവരി | ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടൽ സ്വയം പര്യാപ്തത.<br>ശാസ്ത്ര അവബോധം വളർത്തുക. |
| **13.** | ശാസ്ത്ര അസംബ്ലി | ശാസ്ത്ര അസംബ്ലിയിൽ, ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കണ്ടെത്തുക. | 5 – 10 | ഒക്ടോബർ | ശാസ്ത്ര അവബോധം വളർത്തുക.<br>അന്വേഷണത്വര വളർത്തുക. |
| **14.** | ശാസ്ത്ര ന്യൂസ് | ദൈനംദിന ശാസ്ത്ര വാർത്തകൾ ശേഖരിച്ച് വായിക്കുന്നു. | 5 – 10 | ജൂൺ – ഫെബ്രുവരി | പത്ര വായന പ്രോത്സാഹിപ്പിക്കുക, വായനാ ശീലം വളർത്തുക<br>ശാസ്ത്ര അവബോധം വളർത്തുക. |

## ഗണിതം Std. V - X

| Sl. No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | | ജൂൺ ആദ്യവാരം | അധ്യാപകൻ | |
| 2 | നിർമ്മിതകളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | തുടർ പ്രവർത്തനം | അധ്യാപകൻ | |
| 3. | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | പ്രായോഗിക സന്ദർഭങ്ങൾ | | അധ്യാപകൻ രക്ഷിതാക്കൾ | |
| 4. | ഗണിത ആശയങ്ങളിൽ നിന്നും ഉടലെ ടുക്കുന്ന ഗണിത രൂപങ്ങൾ, അളവു കൾ ഇവ പരിചയപ്പെടൽ | മാത്സ് ക്ലബ് പ്രവർത്തന ങ്ങൾ | മാസത്തിൽ ഒന്ന് | ക്ലബ് മെംബേഴ്സ്, അധ്യാപകൻ | |
| 5. | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം ഗ്രൂപ്പ് ആക്റ്റിവിറ്റി | തുടർപ്രവർത്തനം | ഗ്രൂപ്പ് ലീഡേഴ്സ്, അധ്യാപകൻ | |
| 6. | തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | പാഠാസൂത്രണത്തിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർപ്രവർത്തനം. | അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| **7.** | ഗണിത മത്സരവേദികളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ.<br><br>മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | അക്കാദമിക വർഷത്തിൽ ഒന്ന് | മാത്സ് ക്ലബ് സെക്രട്ടറി അധ്യാപകൻ | |
| **8.** | ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മിക്കുന്നു. | ഗണിത ലാബ് | മാസത്തിൽ ഒന്ന് | ക്ലബ് മെമ്പേഴ്സ്, അധ്യാപകൻ | |
| **9.** | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | പി.റ്റി.എ. നടത്തുന്ന ചുമതലകൾ നൽകുന്നു. | | അധ്യാപകൻ, പി.റ്റി.എ. പ്രസിഡന്റ് , എച്ച്. എം. | |

## സാമൂഹ്യശാസ്ത്രം Std. V - X

| നമ്പർ | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ലക്ഷ്യങ്ങൾ | ചുമതല | സാമ്പത്തിക ചുമതല |
|---|---|---|---|---|---|---|
| 1 | • ദിനാചരണം<br>• ക്വിസ്<br>• ഡിബേറ്റ്<br>• റാലി<br>• ചാർട്ട് പ്രദർശനം.<br>• പോസ്റ്റർ നിർമ്മാണം.<br>• ദേശഭക്തിഗാനം | ജൂൺ - ഫെബ്രുവരി | 5 - 10 | • സാമൂഹ്യ ശാസ്ത്ര പഠന ശേഷി വികസിപ്പിക്കുക.<br>• ജീവിതം മെച്ചപ്പെടുത്തുന്നതിന് സാമൂഹ്യശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള മനോഭാവം നേടുക.<br>• സംഘബോധം വളർത്തുക.<br>• ദേശ സ്നേഹം വളർത്തുക. | അധ്യാപകൻ<br>പി.റ്റി.എ. | |
| 2. | • സോഷ്യൽസയൻസ് എക്സിബിഷൻ<br>• പ്രാദേശിക ചരിത്ര രചന<br>• ചാർട്ട് പ്രദർശനം<br>• ഉത്പന്ന പ്രദർശനം<br>• വാർത്താ വായന | ജൂലൈ - ഫെബ്രുവരി<br><br>ജൂലൈ - | 1 - 10 | • ഒരു പ്രദേശത്തെ ചരിത്രവും ഭൂമിശാസ്ത്രപരം, സാമ്പത്തികം, സാമൂഹികപരമായ അറിവുകൾ നേടിയെടുക്കുന്നതിന്.<br>• ഉത്പന്ന നിർമ്മാണത്തിൽ താൽപര്യം വർദ്ധിപ്പിക്കുക. | അധ്യാപകർ<br>പി.റ്റി.എ. | |

| | | | | | | |
|---|---|---|---|---|---|---|
| | • മത്സരം | ഫെബ്രുവരി | | • പാർശ്വവത്കരിക്കപ്പെട്ട കുട്ടികളെ മുൻനിരയിൽ എത്തിക്കുക.<br>• നിരീക്ഷണ പാടവം ഉയർത്തുക.<br>• സമകാലിക വിവരങ്ങൾ അറിയുന്നതിന് | | |
| 3. | • വർക്ക്ഷോപ്പ്<br>• ഭൂപടനിർമ്മാണം<br>• ഗ്ലോബ് നിർമ്മാണ പ്രവർത്തനങ്ങൾ | ജൂൺ - ഫെബ്രുവരി | 8, 9, 10 | • സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും കഴിവും മനോഭാവവും വളർത്തുക.<br>• നിർമ്മാണ പ്രവർത്തനങ്ങൾ മനസ്സിലാക്കുക. | അധ്യാപകർ<br>പി.റ്റി.എ. | |
| 4. | സോഷ്യൽ സയൻസ് ലൈബ്രറി<br>• സോഷ്യൽ സയൻസ് ലൈബ്രറി | ജൂൺ - ജനുവരി | 5 - 10 | • വായനാ ബോധ്യം വളർത്തുക.<br>• സാമൂഹ്യ വിശകലനശേഷി | അധ്യാപകർ<br>പി.റ്റി.എ. | |

| | | | | | | |
|---|---|---|---|---|---|---|
| | | | | • സാമൂഹ്യചിന്ത, സാമൂഹ്യ ബോധം കുട്ടികളിൽ വികസിപ്പിക്കുക. | | |
| **5.** | • ഫീൽഡ് ട്രിപ്പ്<br>• ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശനം<br>• നിയമസഭാ സന്ദർശനം<br>• താളിയോല ഗ്രന്ഥ മ്യൂസിയ സന്ദർശനം. | ആഗസ്റ്റ് - ജനുവരി | 8–10 | • മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.<br>• ചരിത്ര പ്രാധാന്യങ്ങൾ മനസ്സിലാക്കുക.<br>• സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക. | അധ്യാപകർ<br>പി.റ്റി.എ. | |
| **6.** | സോഷ്യൽ സയൻസ് മാഗസിൻ<br>• മാഗസിൻ നിർമ്മാണം. | ജൂൺ - ഫെബ്രുവരി | 7 - 10 | • സാമൂഹ്യ ശാസ്ത്രത്തിലെ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.<br>• സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ | അധ്യാപകൻ<br>പി.റ്റി.എ. | |

| | | | | | | |
|---|---|---|---|---|---|---|
| | | | | അത് മിറകടക്കാൻ പിൻതുണയ്ക്കുക. | | |
| 7. | സാമൂഹ്യശാസ്ത്ര കളികൾ.<br>• പദപ്രദർശനം<br>• ഭൂപട സോഫ്റ്റ്വെയറുകൾ<br>• QGIS<br>• Sunclock<br>• Stellerium<br>• G – Plates<br>• മോക്ക് പാർലമെന്റ് | ജൂൺ - ഫെബ്രുവരി | 5 - 10 | • സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐ.റ്റി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.<br>• പാർലമെന്ററി സമ്പ്രദായത്തെക്കുറിച്ച് കുട്ടികൾക്ക് അവബോധം വളർത്തുക. | അധ്യാപകർ<br>പി.റ്റി.എ. | |
| 8. | സിനിമകൾ പ്രദർശനം<br>• ചരിത്ര പ്രാധാന്യമുള്ള സിനിമ പ്രദർശിപ്പിക്കൽ<br>• മഹത് വ്യക്തികൾ, സ്വാതന്ത്ര്യ സമര പ്രാധാന്യമുള്ള സിനിമകൾ പ്രദർശിപ്പിക്കുക. | ജൂൺ - ഫെബ്രുവരി | 5–10 | • ചരിത്രപരമായ അറിവുകൾ നേടുക.<br>• മൂല്യബോധമുള്ള ജനതയെ സൃഷ്ടിക്കുക.<br>• സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളിൽ അവബോധം സൃഷ്ടിക്കുക. | അധ്യാപകർ<br>പി.റ്റി.എ. | |

| | | | | | | |
|---|---|---|---|---|---|---|
| **9.** | ഡിജിറ്റൽ ആൽബം<br>• ഇന്ത്യ-വൈവിധ്യങ്ങൾ<br>• സാമൂഹ്യ പരിഷ്കർത്താക്കൾ.<br>• പ്രപഞ്ചം<br>• നദികൾ | ജനുവരി - ഫെബ്രുവരി | 8 - 10 | • കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.<br>• സാമൂഹ്യശാസ്ത്ര പഠന ശേഷി വികസിപ്പിക്കുക. | അധ്യാപകൻ | |

പഞ്ചദിന തനതു പരിപാടികൾ

ആഴ്ചയിലെ ഓരോ ദിനവും ഒരു പ്രത്യേക പ്രവർത്തനത്തിനായി നീക്കി വയ്ക്കുന്നു.

തിങ്കൾ :- ഹരിത ദിനം: ചെടികൾ നട്ടുപിടിപ്പിന്നുന്നതിനും പൂന്തോട്ട പരിപാലനത്തിനും പ്രചോദനം നല്കുന്നു. ഓരോ കുട്ടിയുടെ പേരിലും ഓരോ ചെടി ചട്ടിയിൽ നട്ടുവളർത്തുന്നു. ഓരോ ചെടിക്കും കുട്ടിയുടെ പേര് നൽകുന്നു. പ്രകൃതി സ്നേഹവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമാക്കുന്നു.

ചൊവ്വ:- കൾച്ചറൽ ഡേ : ഗാനാലാപന ചിത്രകല നൃത്തപരിശീലനങ്ങൾ, സർഗ്ഗശേഷി വികസനം ലക്ഷ്യമാക്കുന്നു.

ക്വിസ് ഡേ : പൊതു വിജ്ഞാനം, കടങ്കഥ,വിഷയാടിസ്ഥാന ചോദ്യങ്ങൾ തയ്യാറാക്കുന്നു ചോദിക്കുന്നു.

റൈം റൈറ്റം :

ബുധൻ :- വായനാദിനം: പുസ്തക വിതരണം പുസ്തക കുറിപ്പ് തയ്യാറാക്കലും വിതരണവും.

വ്യാഴം :- കായിക ദിനം: വിവിധ കയികപരിശീലനങ്ങൾ കരാട്ടെ, സൈക്ലിംഗ്, സ്കിപ്പിംഗ് കാരംസ്, ചെസ്സ്, റോളർ സ്കേറ്റിംഗ്, മാർഷൽ ആർട്ട്സ്, യോഗ മുതലായവ.

വെള്ളി :- പ്രവർത്തിപരിചയം:
ശുചിത്വദിനം : വർക്ക്എക്സ്പീരിയൻസ് പരിശീലിപ്പിക്കുന്നു. ശുചിത്വ സേനയുടെ നേതൃത്വത്തിൽ ക്ലാസ് മുറികളും പരിസരവും ശുചിയാക്കൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ.

പൊതു പഠന പ്രവർത്തനങ്ങൾ

പഠന പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കുന്നു, കലാമേളകൾ, ശാസ്ത്ര ഗണിത, സാമൂഹ്യ ശാസ്ത്ര കായിക മേളകളിൽ സജീവമായി പങ്കെടുക്കുന്നതിനുളള പരിശീലനം നല്കുന്നു.

സ്കോളർഷിപ്പ് പരീക്ഷയിൽ പ്രത്യേക പരിശീലനം നല്കി പരമാവധി കുട്ടികളെ പങ്കെടുപ്പിക്കൽ

പഠനത്തിൽ പിന്നോക്കം പില്ക്കുന്നവർക്കായി പ്രത്യേക പരിഗണന.
കംമ്പ്യൂട്ടർ പരിശീലനം എല്ലാ കുട്ടികൾക്കും ആഴ്ചയിൽ ഒരു മണിക്കൂർ വീതം.

പാഠഭാഗങ്ങൾ ഐ.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ മികവുറ്റതാക്കാൻ പരിശ്രമം.

## കുട്ടികളുടെ പാർക്ക്

അന്താരാഷ്ട്ര നിലവാരത്തിലുള്ള അതിമനോഹരമായ പാർക്ക് "വർണ്ണക്കൂടാര" ത്തിൽ പ്രീ പ്രൈമറി കുട്ടികൾക്ക് കളിക്കുന്നതിനുള്ള സമയം ക്രമീകരിച്ചു നൽകുന്നു.

## പി.ടി.എ., എസ്.എം.സി പ്രവർത്തനങ്ങൾ

പൊതുയോഗത്തിൽ നിന്ന് തത്പരരായ എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിപുലമായ പി.ടി.എ., എസ്.എം.സി. കമ്മിറ്റി രൂപീകരിക്കൽ. എല്ലാ മാസവും ഒത്തുചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തൽ, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കൽ.

# ഉപസംഹാരം

പൊതുവിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം , തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രധാന ലക്ഷ്യം. നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും , സഹിഷ്ണുതയും കൂട്ടായി പ്രവർത്തിക്കുന്നതിനുള്ള മനോഭാവവും വളർന്നുവരേണ്ടത് പൊതുവിദ്യാലയങ്ങളിലൂടെയാണ്. കൂടാതെ ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിന് അനുസൃതമായി ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കേണ്ടതുണ്ട്.അക്കാദമിക ആസൂത്രണത്തിലൂടെ മാത്രമേ ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് പഠനമുന്നേറ്റത്തിന്റെ അവസരങ്ങൾ ഉണ്ടാക്കാൻ കഴിയുകയുള്ളൂ. ഇതു മനസ്സിലാക്കി പൊതുവായ അക്കാദമിക ലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് അതിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. നമ്മുടെ വിദ്യാലയത്തിന്റെ നന്മയും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.